## പതിമൂന്നാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3316 — 16.12.2015 ലെ മറുപടിക്ക്

### നൂനപക്ഷ വിഭാഗ സ്വീശാക്തീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാനും തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിനുമായി പദ്ധതി പ്രഖ്യാപിച്ചിരുന്നോ; 2012-13 ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയ തുക, അനുവദിച്ച തുക, ഈ ഇനത്തിൽ ട്രഷറിയിൽ മിച്ചമുള്ള തുക എന്നിവയുടെ കണക്ക് ലഭ്യമാക്കാമോ; | (എ) | എഴുപതു ശതമാനമെങ്കിലും ന്യൂനപക്ഷവനിതകൾ അംഗങ്ങളായ സ്വയംസഹായ സംഘങ്ങൾ സമർപ്പിക്കുന്ന, സ്ഥിരവരുമാന സാധ്യതയുള്ള പദ്ധതികൾക്ക് പദ്ധതി ചെലവിന്റെ നേർപകുതിയോ പരമാവധി രണ്ടരലക്ഷം രൂപയോ ഏതാണോ കുറവ് ആ തുക സഹായം നൽകുന്ന പദ്ധതി 2012-13 ധനകാര്യവർഷം നടപ്പാക്കിയിരുന്നു.<br>ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് ഒരു കോടി രൂപ. 93,90,625/- രൂപ ന്യൂനപക്ഷക്ഷേമവകുപ്പ ഡയറക്ടറേറ്റ് അനുവദിച്ചിരുന്നു.തെരഞ്ഞെടുക്കപ്പെട്ട 5 ഗ്രൂപ്പുകൾ യഥാസമയം സംരംഭം തുടങ്ങാഞ്ഞതിനാൽ അവർക്ക് സബ്സിഡിയായി അനുവദിച്ച 21,65,622/- രൂപ തിരിച്ചടച്ചിട്ടുണ്ട്. ട്രഷറിയിൽ തുകയൊന്നും മിച്ചമില്ല. |
| (ബി) | പ്രസ്തുത പദ്ധതിക്കായി തുടർന്നുള്ള ഓരോ ബഡ്ജറ്റിലും അനുവദിച്ച തുക എത്രയെന്നും ട്രഷറിയിൽ നിന്നും പിൻവലിക്കാത്ത തുക എത്രയെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ; | (ബി) | തുടർന്നുള്ള ബഡ്ജറ്റുകളിൽ ഈ പദ്ധതിക്കായി തുക അനുവദിച്ചിരുന്നില്ല. |
| (സി) | ജില്ലാടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര സ്വയം സഹായ സംഘങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്; എത്ര പേർക്ക് തൊഴിൽ പരിശീലനം നൽകി; എത്ര പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) | വകുപ്പിനു കീഴിൽ സ്വയംസഹായസംഘങ്ങളോ തൊഴിൽ പരിശീലന കേന്ദ്രങ്ങളോ ആരംഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തൊട്ടാകെ 46 വനിതാ സ്വയംസഹായ സംഘങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്. കുടുംബശ്രീ മുഖാന്തിരമാണ് പരിശീലനം നൽകിയിരുന്നത്.ഇതുവഴി 365 പേർക്ക് പരിശീലനം നല്കുകയും തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ